കൈക്കൊള്ളുവാനുള്ള പദ്ധതികൾക്ക് രൂപംകൊടുത്തു. ബോധവൽക്കരണ പരിപാടികൾ വിവിധ മാധ്യമങ്ങൾ വഴി നടപ്പാക്കി. കുടിവെള്ളശുചീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചു. കോട്ടയം ജില്ലയിൽ മാത്രം ഒരുലക്ഷത്തിലധികം കിണറുകളിൽ ക്ലോറിനേഷൻ നടത്തി. ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മോണിറ്ററിംഗ് കൺട്രോളർ റൂം പ്രവർത്തനമാരംഭിച്ചു. രോഗബാധിതർക്ക് പ്രത്യേകം വാർഡ് നൽകുകയും ദൈനംദിന റിപ്പോർട്ടുകൾ വിലയിരുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഡിസ്ട്രിക്റ്റ് കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, മെഡിക്കൽ ഓഫീസർമാർ എന്നിവർ ചേർന്ന കമ്മിറ്റി രൂപീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ രോഗം നിയന്ത്രണാധീനമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

(ഡി) ഉണ്ട്. ശുദ്ധജലവിതരണത്തിനായി പഴകിയ പൈപ്പുലൈൻ മാറ്റി സ്ഥാപിക്കുക. കുറിച്ചിയിൽ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക. ക്ലോറിനേഷൻ നടത്തുക, തൃത്തുക്കുടിയിൽ നിന്നും കൊണ്ടുവരുന്ന മത്സ്യവില്പന താൽക്കാലികമായി നിർത്തലാക്കുക എന്നിവയാണ് കേന്ദ്രസംഘത്തിന്റെ നിർദ്ദേശങ്ങൾ.

പ്രൈമറി സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യ വസ്തുക്കൾ

15(*12) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യവസ്തുക്കൾ നൽകാറുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) എത്രനേരം ഭക്ഷണം നൽകണമെന്നാണ് വ്യവസ്ഥയുള്ളത് ;

(സി) ഇതിനായി ലഭിച്ച ഭക്ഷ്യവസ്തുക്കളുടെ അളവ് വെളിപ്പെടുത്തുമോ ;

(ഡി) സ്കൂൾ കുട്ടികൾക്ക് കൃത്യമായി ഭക്ഷണം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ വിശദവിവരം വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിലെ ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള അരി കേന്ദ്രഗവൺമെന്റ് നൽകി വരുന്നു.

(ബി) പ്രധാനമന്ത്രിയുടെ പോഷകാഹാര വിതരണപദ്ധതിയുടെ ഭാഗമായുള്ള ഈ പദ്ധതി ഒരു ഉച്ചഭക്ഷണ പരിപാടിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1999-2000 അദ്ധ്യയന വർഷം 49,853.10 മെട്രിക് ടൺ അരി ഇന്ത്യാഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭരണസംവിധാനം സുഗമമാക്കുന്നതിന് നടപടി

16(*13) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻവൈദ്യർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള കേരള ഭരണപരിഷ്കാര കമ്മറ്റി എത്ര റിപ്പോർട്ടുകളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടുകളിൽ എന്തൊക്കെ ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പടുത്തുമോ ;

(ഡി) ഭരണപരിഷ്കാര കമ്മറ്റിയുടെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ധനകാര്യ വകുപ്പിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പഞ്ചിംഗ് സമ്പ്രദായം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ജി) പഞ്ചിംഗ് സമ്പ്രദായം രണ്ടാംഘട്ടത്തിൽ എവിടെയൊക്കെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാനത്തെ ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ശുപാർശകൾ സമർപ്പിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഒരു ഭരണപരിഷ്കാര കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റി വിശദമായ പഠനങ്ങൾക്കുശേഷം നൽകുന്ന ശുപാർശകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഇതുവരെ ആറ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly